**മധുരമായ കുട്ടികളെ- നിങ്ങൾ ജ്ഞാനി യോഗികളാണ്, നിങ്ങൾ ബാബയുടെ ഓർമ്മയിലും ഇരിക്കണം, ജ്ഞാന രത്നങ്ങളുടെ ബീജവും വിതയ്ക്കണം, ഭാരതത്തിന്റെ അലങ്കാരവും ചെയ്യണം.**

**ചോദ്യം-** നിങ്ങൾ കുട്ടികൾ കലിയുഗീ ഗോവർദ്ധന പർവ്വതത്തെ ഉയർത്തുന്നതിന് ഏതൊരു വിരലാണ് നല്കുന്നത്?
**ഉത്തരം-** പവിത്രതയുടെ. പവിത്രതയുടെ പ്രതിജ്ഞ ചെയ്യുക തന്നെയാണ് വിരൽ നല്കുക എന്നത്. പവിത്രതയില്ലായെങ്കിൽ ഭാരതത്തിന്റെ ഗതി നോക്കൂ എന്തായിയെന്ന്. പവിത്രതയുണ്ടെങ്കിൽ ശാന്തിയും സമാധാനവുമുണ്ട് അതിനാൽ ശ്രീമത്തനുസരിച്ച് പഞ്ഞിയും അഗ്നിയും ഒരുമിച്ചിരുന്നും പവിത്രമാകണം. (ഗൃഹസ്ഥത്തിയിലിരുന്നുകൊണ്ടും പവിത്രമായിരിക്കണം). കുടുംബത്തെ ഉപേക്ഷിക്കരുത്.

**ഗീതം-** വരാൻ പോകുന്ന നാളെയുടെ ഭാഗ്യമാണ് നിങ്ങൾ....

**ഓം ശാന്തി**. മാതാക്കൾ, സർവ്വ സജനിമാരും ഈ ഗീതം കേട്ടു. കുട്ടികൾക്കറിയാം ഈ ഭാരതത്തിന്റെ ഭാഗ്യം നഷ്ടപ്പെട്ടിരിക്കുകയാണ്. ആരിലൂടെ നഷ്ടപ്പെട്ടു? 5 വികാരങ്ങളാകുന്ന രാവണനിലൂടെ. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഭാരതത്തിന്റെ ഭാഗ്യത്തെ ഉണ്ടാക്കി കൊണ്ടിരിക്കുന്നു. നിങ്ങളാണ് ശിവ ശക്തി മാതാക്കൾ. ജ്ഞാന സാഗരൻ വരുമ്പോൾ മാതാക്കൾക്കാണ് കലശം നല്കുന്നത്. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ഭാരതത്തിന്റെ ഭാഗ്യത്തെ ഉണ്ടാക്കുന്നവർ അർത്ഥം ഭാരതത്തെ സ്വർഗ്ഗമാക്കുന്നവരാണ്. നിങ്ങൾ ബാബയുടെ സൈന്യമാണ്. ബാബയുടെ വീടിന്റെ ശോഭയാണ്. മാതാ പിതാക്കളുടെയടുത്ത് കുട്ടികളില്ലായെങ്കിൽ വീട് ശൂന്യമായിരിക്കും. ഇപ്പോൾ ഈ ലോകം ശൂന്യത അനുഭവിക്കുന്നു. നിങ്ങൾ ഇതിനെ സ്വർഗ്ഗമാക്കുന്നവരാണ്. ബാബ പറയുന്നു ഞാൻ നിങ്ങൾ മാതാക്കളുടെ അടിമയാണ് കാരണം മുമ്പ് ഈ മാതാക്കൾ പതിമാരുടെ അടിമകളായിരുന്നു. അവരോട് പറഞ്ഞിരുന്നത് ഹിന്ദുസ്ത്രീയുടെ പതി തന്നെയാണ് ഗുരുവും ഈശ്വരനും സർവ്വതും. വാസ്തവത്തിൽ ഈ സമയത്തെ കാര്യത്തെ ഭക്തി മാർഗ്ഗത്തിലേക്ക് കൊണ്ടു പോയി. പരമപിതാ പരമാത്മാവിനെ തന്നെയാണ് ഈ സമയത്ത് മാതാവും പിതാവുമെന്ന് പറയുന്നത്. സർവ്വതും ഒന്നാണ്. ഹിന്ദുക്കൾ പിന്നെ പതിയെക്കുറിച്ചാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്. വാസ്തവത്തിൽ ശിവബാബ പതിമാരുടെയും പതിയാണ്. നിങ്ങൾ സദാ സൗഭാഗ്യശാലികളായി മാറുന്നു, ഈ പതി അമരനാണ്, അമരനാഥനല്ലേ. നിങ്ങളെയും അമരനാഥൻ, അമരപുരിയുടെ അധികാരിയാക്കുന്നു. അങ്ങനെയുള്ള സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്ന പതിയെ വളരെയധികം ഓർമ്മിക്കണം. അങ്ങനെയുള്ള പതിയെ മറക്കുമ്പോഴാണ് കരച്ചിൽ വരുന്നത്. ബാബ പറയുന്നു- നിങ്ങളുടെ പ്രിയതമൻ മരിച്ചിട്ടാണോ നിങ്ങൾ കരയുന്നത്. നിങ്ങൾ ഇപ്പോൾ സദാ ഹർഷിതമുഖരായിരിക്കണം. ദേവതമാരെ പോലെ മുഖം സദാ ഹർഷിതമായിരിക്കണം. മനുഷ്യർ കാണുമ്പോൾ തന്നെ സന്തോഷിക്കുന്നു. ദേവതമാർ ഈ സന്തോഷം എവിടെ നിന്ന് കൊണ്ടു വന്നു? സംഗമത്തിൽ ബാബ ഹർഷിതമുഖരാക്കി. ഇപ്പോൾ പുരുഷാർത്ഥം ചെയ്യണം എന്നാലേ അവിനാശിയാകാൻ സാധിക്കൂ. ബാബ പറയുന്നു- കരച്ചിലിന്റെ കാര്യമേയില്ല. ആഹാ... അങ്ങനെയുള്ള പ്രിയപ്പെട്ട പ്രിയതമനെ ലഭിച്ചു, അതിലൂടെ സ്വർഗ്ഗത്തിലെ മഹാരാജാ റാണിയായി തീരുന്നു. നിങ്ങൾ ശ്രീമത്തനുസരിച്ച് ഓരോ ചുവടും വെയ്ക്കുന്നു. നിങ്ങൾ കേൾക്കുന്ന ഓരോ മഹാവാക്യവും ലക്ഷക്കണക്കിന് രൂപ വിലമതിപ്പുള്ളതാണ്. ആ വിദ്വാൻമാർ ഗീത, വേദാന്തം കേൾപ്പിക്കുമ്പോൾ പറയുന്നു ഓരോ മഹാവാക്യവും ലക്ഷം വിലമതിപ്പുള്ളതാണ് എന്ന്. എന്നാൽ അങ്ങനെയല്ല.

നിങ്ങൾ ഓരോരുത്തരും ജ്ഞാനി യോഗിയാണ്. ആത്മാവ് ജ്ഞാനിയല്ലേ. ബാബയും ജ്ഞാനിയാണ്, ജ്ഞാന സാഗരൻ എന്ന് പറയുന്നു. ജ്ഞാനത്തിന്റെ മഴ പെയ്യിക്കുന്നു. സ്ഥൂല ജലത്തിന്റെ കാര്യമല്ല, ഇതിനെ ജ്ഞാന രത്നമെന്ന് പറയുന്നു. ഓരോരുത്തരും ഈ ജ്ഞാന രത്നത്തിന്റെ ബീജം വിതയ്ക്കണം. മനുഷ്യർക്ക് മനസ്സിലാക്കി കൊടുക്കണം- നിങ്ങൾ ആത്മാവാണ്, ഇത് പഴയ ശരീരമാണ്. നിങ്ങൾ പറയാറുണ്ട് പാപാത്മാവ്, പുണ്യാത്മാവ് എന്ന്. പാപ- പരമാത്മാവ്, പുണ്യ- പരമാത്മാവ് എന്ന് പറയാറില്ല. ഇതിലൂടെ തെളിയുന്നത്- പരമാത്മാവ് സർവ്വവ്യാപിയല്ല എന്നാണ്. മായയാണ് പാപാത്മാവാക്കുന്നത്, ബാബ പുണ്യാത്മാവാക്കുന്നു. പുണ്യാത്മാക്കളുടെ ലോകത്തെ സ്വർഗ്ഗമെന്നും, പാപാത്മാക്കളുടെ ലോകത്തെ നരകമെന്നും പറയുന്നു. സർവ്വരെയും പാവനമാക്കുന്ന സത്ഗതിദാതാവ് ഒരേയൊരു ബാബയാണ്. അതിനാൽ നിങ്ങൾ കുട്ടികൾ ഈ പരിധിയില്ലാത്ത വീട്ടിലെ അലങ്കാരമാണ്. നിങ്ങൾ ഭാരതത്തിന്റെ അലങ്കാരം

ചെയ്യണം. വൈകുണ്ഠത്തെ ലോകത്തിലെ അത്ഭുതമെന്ന് പറയുന്നു. മനുഷ്യർ 7 അത്ഭുതങ്ങൾ കാണിക്കുന്നു. അത് മനുഷ്യർ തന്നെ നിർമ്മിച്ചിട്ടുള്ളതാണ്. വാസ്തവത്തിൽ ലോകത്തിലെ അത്ഭുതമെന്ന് പറയുന്നത് വൈകുണ്ഠമാണ്, അവിടെ സർവ്വാത്മാക്കളും സദാ സുഖിയായിട്ടിരിക്കുന്നു. പറയുന്നുണ്ട്- ഇന്നവർ സ്വർഗ്ഗവാസിയായി എന്ന്, എന്നാൽ ബാബ വരാതെ തിരികെയാർക്കും പോകാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്- നമ്മൾ വൈകുണ്ഠത്തിലേക്ക് പോകുന്നുവെന്ന്. ആ ഭൗതീക അത്ഭുതങ്ങൾ കണ്ണുകളിലൂടെ കാണാൻ സാധിക്കുന്നു. നിങ്ങൾ വൈകുണ്ഠത്തിലേക്ക് പോയി അളവറ്റ സുഖം അനുഭവിക്കണം. അവിടെ കരച്ചിലിന്റെ കാര്യമേയില്ല. ബാബ ചോദിക്കുന്നു പരമപിതാ പരമാത്മാവിന്റെ പ്രിയതമകളായ നിങ്ങൾ എന്തിന് കരയുന്നു. പ്രിയതമനെ മറന്നിട്ടാകാം. പ്രിയതമനെ മറക്കുക അർത്ഥം ബാബയോട് വിട പറയുക. സദാ ബാബയെ ഓർമ്മിച്ചു കൊണ്ടിരിക്കൂ എങ്കിൽ കരച്ചിലിന്റെ കാര്യമേയില്ല. ബാക്കി ഭൗതീക സംബന്ധികൾ മരിക്കുമ്പോഴാണ് കരയുന്നത്. ഇപ്പോൾ നിങ്ങൾ ജീവിച്ചിരിക്കെ വിട പറയുന്നു. സർവ്വരോടും വിട ചൊല്ലി, കരഞ്ഞ് കരഞ്ഞ് പിന്നെ സദാ കാലത്തേക്ക് ചിരിക്കുന്നു കാരണം വൈകുണ്ഠത്തിലേക്ക് പോകുന്നു. ഇവിടെ കരയേണ്ട ആവശ്യമില്ല. ബാബ പറഞ്ഞു തന്നു- അമ്മ മരിച്ചാലും ഹലുവ കഴിക്കണം, ഏത് ഹലുവ? ഈ ജ്ഞാനത്തിന്റെ. ഇപ്പോൾ സർവ്വരും മരിച്ചു കിടക്കുന്നു. ആരെ കുറിച്ച് ചിന്തിക്കും, ആരെ കുറിച്ച് ചിന്തിക്കില്ല- ഇത്രയും പേർ മരിക്കും. ക്രിയാ കർമ്മങ്ങളൊന്നും ചെയ്യാൻ ആരും കാണില്ല. ജപ്പാനിൽ ബോംബുകളിലൂടെ എത്രയോ പേർ മരിച്ചു, പിന്നെയാര് ക്രിയാ കർമ്മങ്ങൾ ചെയ്തു. ക്രിയാ കർമ്മങ്ങൾ ചെയ്യുന്നവരും മരിക്കും. ഇത് ഭക്തി മാർഗ്ഗത്തിലെ ആചാര രീതിയാണ്. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങളില്ല. അവിടെ അളവറ്റ സുഖമാണ്. മോഹജീത്ത് രാജാവിന്റെ കഥ ആ സമയത്തുള്ളതാണ്. നിങ്ങൾ ജന്മ ജന്മാന്തരം ഈ കഥ കേട്ടിട്ടുണ്ട്. ഇപ്പോൾ ബാബ പറയുന്നു- കേട്ടതെല്ലാം മറക്കൂ. ഇപ്പോൾ സർവ്വതും ബാബയിൽ നിന്ന് തന്നെ കേൾക്കൂ. മോശമായത് കേൾക്കരുത്, കാണരുത്.......കാരണം ഈ സമയത്ത് മനുഷ്യർ കുരങ്ങനെക്കാൾ കഷ്ടമാണ്, കേട്ടതെല്ലാം സത്യം സത്യമെന്ന് പറയുന്നു. ബാബ പറയുന്നു- കുട്ടികളെ ഗ്ലാനിയുടെ കാര്യങ്ങൾ കേൾക്കാതിരിക്കൂ. ഞാൻ കല്പത്തിന്റെ സംഗമത്തിലാണ് വരുന്നത്. ബാബയ്ക്ക് തീർച്ചയായും വരുക തന്നെ വേണം, എന്നാലേ ജ്ഞാനം നല്കാനാകൂ. മനുഷ്യൻ പറയുന്നു ഋഷി മുനിമാർ ത്രികാലദർശികളായിരുന്നുവെന്ന്. ബാബ പറയുന്നു- തീർത്തും അല്ല. ലക്ഷ്മീ നാരായണൻ പോലും ത്രികാലദർശികളല്ലായിരുന്നു. കേവലം നിങ്ങൾ ബ്രാഹ്മണർ മാത്രമാണ് ത്രികാലദർശികളായി മാറിയിരിക്കുന്നത്. ഇത് നിങ്ങളുടെ 84-ാ മത്തെ അന്തിമ ജന്മമാണ്. ഈ ജ്ഞാനത്തിന്റെ സംസ്ക്കാരം അടുത്ത ജന്മത്തിൽ ഉണ്ടാകണമെന്നില്ല. അത് പ്രായേണ ലോപിക്കുന്നു. അവിടെ രാജധാനി സ്ഥാപിതമായി കഴിഞ്ഞാൽ പിന്നെ രാജയോഗത്തിന്റെ ആവശ്യമില്ല. അപ്പോൾ നോക്കൂ, ബാബ എന്ത് പറയുന്നു, മനുഷ്യൻ എന്ത് പറയുന്നു. രാപകൽ വ്യത്യാസമുണ്ട്. മനുഷ്യർ പറയുന്നു- പരമാത്മാവ് സർവ്വവ്യാപിയെന്ന്, ബാബ പറയുന്നു അല്ല. മനുഷ്യൻ പറയുന്നു കലിയുഗത്തിന്റെ ആയുസ്സ് ഇപ്പോൾ 40000 വർഷങ്ങളുണ്ട് എന്ന്, ബാബ പറയുന്നു ഇല്ല. എത്ര കിംവദന്തികൾ കേൾപ്പിച്ച് ഘോര അന്ധകാരമാക്കി.

ഇപ്പോൾ മധുരമായ ബാബ പറയുന്നു- വളരെ മധുരമാകൂ. നിങ്ങൾ ഈശ്വരീയ ദർബാറിൽ ഈശ്വരന്റെ മക്കളാണ്. നിങ്ങളുടെ കടമയാണ് യോഗം ചെയ്യുക എന്നത്. ഗോവർദ്ധന പർവ്വതത്തിൽ പോയാൽ അവിടെ ചെറുവിരൽ കാണിച്ചിരിക്കുന്നു. പർവ്വതത്തെ എത്ര പൂജിക്കുന്നു. ഭാരതം സ്വർണ്ണിമ ലോകമാകുമ്പോൾ അതിനെ പൂജിക്കുന്നില്ല. അതിനാൽ ഈ ചെറുവിരൽ നിങ്ങളുടെ ലക്ഷണമാണ്. പവിത്രതയുടെ പ്രതിജ്ഞയെടുക്കുന്നത് ഭാരതത്തെ പാവനമാക്കുന്നതിന് സഹയോഗം നല്കുന്നതിന് സമാനമാണ്. പവിത്രതയുണ്ടെങ്കിൽ ശാന്തിയും സമാധാനവുമുണ്ട്. പവിത്രയില്ലായെങ്കിൽ ഭാരതത്തിന്റെ സ്ഥിതി നോക്കൂ എന്താകും എന്ന്. പരിശ്രമമില്ലേ. സന്യാസിമാർ പറഞ്ഞു- പഞ്ഞിക്കും അഗ്നിക്കും ഒരുമിച്ചിരിക്കാനാകില്ല എന്ന്. ശാസ്ത്രങ്ങളിൽ അങ്ങനെയുണ്ട്. എന്നാൽ നിങ്ങൾക്ക് സന്യാസിമാരോട് പറയാനാകും- ഞങ്ങൾ പഞ്ഞിയും തീയും ഒരുമിച്ചിരുന്നും പവിത്രമായി ജീവിക്കുന്നുവെന്ന്. സന്യാസിമാർക്ക് ശ്രീമത്ത് ലഭിക്കുന്നില്ല. നമ്മളിപ്പോൾ ബാബയുടെ ശ്രീമത്തനുസരിച്ച് നടക്കുന്നു. അവർക്ക് ലഭിക്കുന്നത് ശങ്കരാചാര്യന്റെ നിർദ്ദേശം, ഇത് ശിവാചാര്യന്റെ നിർദ്ദേശമാണ്. നിങ്ങൾ ശിവാചാര്യന്റെ മക്കളാണ്. ഇത് ആർക്കും അറിയില്ല. പറയുന്നു പരമാത്മാവ് ജ്ഞാന സാഗരനാണെന്ന് അപ്പോൾ ആചാര്യനായില്ലേ. അത് ശങ്കരാചാര്യനാണ്. സന്യാസിമാർ വളരെ ശാസ്ത്രങ്ങൾ പഠിച്ച് ടൈറ്റിൽ കരസ്ഥമാക്കുന്നു. കൃഷ്ണ ആചാര്യന് എന്ന് ഒരിക്കലും പറയില്ല. ശിവനെ കുറിച്ച് അറിയുന്നേയില്ല. അവർ ബാബയെ അറിയുന്നേയില്ല. ബാബയെയല്ലാതെ മറ്റാരെയും ജ്ഞാന സാഗരനെന്നു പറയാനാകില്ല. ഏതൊരു സന്യാസിയെ കണ്ടുമുട്ടിയാലും പറയൂ- നിങ്ങൾ നിവൃത്തി മാർഗ്ഗത്തിലുള്ള ഹഠയോഗി സന്യാസിമാരാണ്, ഞങ്ങൾ പ്രവൃത്തി മാർഗ്ഗത്തിലുള്ള രാജയോഗികളാണ്. നിങ്ങൾക്ക് രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. നിങ്ങൾ രജോഗുണിയാണ് കാരണം ശങ്കരാചാര്യൻ വരുന്നത് തന്നെ ദ്വാപരയുഗത്തിലാണ്. നിങ്ങളുടേത് ഹഠയോഗ കർമ്മ സന്യാസമാണ്.

വാസ്തവത്തിൽ കർമ്മ സന്യാസമേയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വേറെയും നിർദ്ദേശങ്ങൾ ലഭിക്കുന്നു. മനുഷ്യർ ശാന്തിയിലിരിക്കാൻ ആഗ്രഹിക്കുന്നുണ്ട്. പറയൂ- ശരി, സ്വയത്തെ ഈ കർമ്മേന്ദ്രിയങ്ങളിൽ നിന്നും നിർമ്മോഹിയാക്കൂ. എന്നാൽ കേവലം വേറിട്ട് നിന്നാൽ മാത്രം നേട്ടമൊന്നുമില്ല. വേറിട്ട് നിന്ന് എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം ഭസ്മമാകും. ശാന്തി നിങ്ങളുടെ കഴുത്തിലെ മാലയാണ്. ആത്മാവിന്റെ സ്വധർമ്മമാണ് ശാന്തി. നമ്മൾ ആത്മാക്കൾ മൂലവതനത്തിൽ ശാന്തിയിലിരിക്കുന്നു. പിന്നെ സൂക്ഷ്മവതനത്തിൽ ചലനത്തിലും. ഇതാണ് ശബ്ദത്തിന്റെ ലോകം. നിങ്ങൾ കുട്ടികൾ സാക്ഷാത്ക്കാരം ചെയ്തിട്ടുണ്ട്. ബാബ കൂടുതലും കണ്ടിട്ടിട്ടുണ്ട്. മമ്മാ ഒന്നും കണ്ടിട്ടിട്ടില്ല, ഒരിക്കലും ട്രാൻസിലും പോയിട്ടില്ല. ജ്ഞാനത്തിൽ തീവ്രമായിരുന്നു. സാക്ഷാത്ക്കാരത്തിന്റെ ആഗ്രഹം വയ്ക്കരുത്. സാക്ഷാത്ക്കാരമില്ലാതെ മമ്മാ നോക്കൂ എത്ര മുന്നിലേക്ക് പോയി. ആദ്യം ശ്രീ ലക്ഷ്മീ പിന്നെ ശ്രീ നാരായണൻ, അർജ്ജുനന് വിനാശത്തിന്റെ സാക്ഷാത്ക്കാരമുണ്ടായിയെന്ന് കാണിക്കുന്നുണ്ട്. ഈ രഥത്തിൽ രഥിയായ ശിവബാബയിരുന്ന് ജ്ഞാനം കേൾപ്പിക്കുന്നു. ഈ രഥത്തിന് പോലും ജ്ഞാനം ബാബയിൽ നിന്നാണ് ലഭിക്കുന്നത്. ഇദ്ദേഹം സ്വയം ഗീത പഠിച്ചിരുന്നു. വളരെ കഥകൾ പഠിച്ചിരുന്നു. ഇപ്പോൾ ശാസ്ത്രങ്ങളിൽ എന്തൊക്കെയാണ് എന്നോർക്കുമ്പോൾ അത്ഭുതം തോന്നുന്നു. ബാബ പറയുന്നു- ഈ പഠിച്ചതെല്ലാം മറക്കൂ, കേൾക്കരുത്, കണ്ടിട്ടും കാണാതിരിക്കൂ. നമ്മൾ ബാബായോടൊപ്പം സ്വീറ്റ് ഹോമിലേക്ക് പോകുന്നു. വഴികാട്ടി വരാതെ ആർക്കും തിരികെ പോകാനാകില്ല. വഴികാട്ടിയും മുക്തിദാതാവും ഒരേയൊരു ബാബയാണ്. ദുഃഖങ്ങളിൽ നിന്നും മുക്തമാക്കുന്നു, അതിനാൽ ബാബയെ ഗതി- സത്ഗതിദാതാവെന്ന് പറയുന്നു. ബാബ മനുഷ്യ സൃഷ്ടിയുടെ ബീജരൂപനാണ്, പരമമായ ആത്മാവാണ്. നിരാകാരി ലോകമാണ് ആത്മാക്കളുടെ നിവാസ സ്ഥാനം. ബ്രഹ്മം പരമാത്മാവല്ല, അതിൽ ആത്മാക്കൾ ലയിക്കില്ല. എത്രയോ വിചിത്രമായ കാര്യങ്ങളാണ്. നിങ്ങളുടെ 84 ജന്മങ്ങളുടെ പാർട്ട് അവിനാശിയാണ്, അത് ഒരിക്കലും ഇല്ലാതാകുന്നില്ല. സൃഷ്ടി അനാദിയായി രചിച്ചിരിക്കുന്നു. സത്യയുഗത്തെ പുതിയ സൃഷ്ടിയെന്ന് പറയുന്നു. ഇപ്പോൾ ഇത് പഴയ സൃഷ്ടിയാണ്. ബാക്കി സൃഷ്ടി ഒരിക്കലും നശിക്കുന്നില്ല. ബാബ വരുന്നത് പതിത സൃഷ്ടിയെ പാവനമാക്കുന്നതിനാണ്. സൃഷ്ടിയുണ്ട്. 84 ജന്മങ്ങളെടുക്കുന്നത് ദേവതമാരാണ്, പിന്നെ കുറയുന്നു. ക്രിസ്ത്യാനികളുടെ കണക്കും മനസ്സിലാക്കാം. വാസ്തവത്തിൽ ഭാരതവാസികളുടെ ജനസംഖ്യ കൂടുതലായിരിക്കണം. എന്നാൽ മറ്റു ധർമ്മങ്ങളിലേക്ക് മാറിയതിനാൽ കുറഞ്ഞു പോയി. പേര് ഹിന്ദു എന്ന് വച്ചിരിക്കുന്നു. ബാബ പറയുന്നു- ഞാൻ ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപനയുടെ സമയത്താണ് വരുന്നത്. ശങ്കരനിലൂടെ വിനാശം.....ആര് സ്ഥാപന ചെയ്യുന്നുവൊ അവർ തന്നെ പാലനയും ചെയ്യും. ഗാന്ധിജിയെ സഹായിച്ചവർ, പരിശ്രമിച്ചവർ ഇന്ന് വളരെ സുഖിയാണ്. അവിടെയെല്ലാവരും വളരെ സുഖിയായിരിക്കും. ബാക്കി പദവിയിൽ വ്യത്യാസം ഉണ്ടാകുന്നു. ബാബയുടെ ഓർമ്മയിലിരിക്കുന്നവർ, സമ്പത്തിനെ ഓർമ്മിക്കുന്നവർ സൂര്യവംശിയായി തീരും. കുറച്ചേ ഓർമ്മിക്കുന്നുവെങ്കിൽ ചന്ദ്രവംശി, ഇല്ലായെങ്കിൽ പ്രജകൾ, ദാസ ദാസിമാരെയും നിറയേ വേണ്ടേ. ബാബ മനസ്സിലാക്കി തന്നു യോഗബലത്തിലൂടെ മാത്രമേ വിശ്വത്തിന്റെ അധികാരിയാകാൻ സാധിക്കൂ. നിങ്ങളാണ് യോഗബലമുള്ള അഹിംസക സൈന്യം. ക്രിസ്ത്യാനികൾക്ക് ഇത്രയും ശക്തി ലഭിച്ചാൽ വിശ്വത്തിന്റെ അധികാരിയാകാൻ സാധിക്കും. എന്നാൽ നിയമമില്ല. കുരങ്ങന്റെ കഥയില്ലേ. കൃഷ്ണന്റെ വായിൽ വിശ്വത്തിന്റെ ചക്രവർത്തി പദവിയുടെ വെണ്ണ വരുന്നു. അതിനാൽ വിശ്വത്തിന്റെ രാജ്യം യോഗബലത്തിലൂടെ മാത്രമേ നേടാനാകൂ. ബാബ പറയുന്നു ഞാൻ സ്വർഗ്ഗം രചിക്കുന്നു. കുട്ടികൾ ബാബയുടേതായി സ്ഥാപനയിൽ സഹയോഗം നല്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1. സദാ ഹർഷിതമുഖരും സന്തുഷ്ടരുമായിട്ടിരിക്കണം. ഒരിക്കലും കരയരുത്. ജീവിച്ചിരിക്കെ എല്ലാവരോടും വിട പറയണം. ആരെ കുറിച്ചും ചിന്തിച്ച് വിഷമിക്കരുത്.

2. തന്റെ ശാന്തിയാകുന്ന സ്വധർമ്മത്തിൽ സ്ഥിതി ചെയ്യണം. ജ്ഞാന യോഗത്തിലൂടെ തീവ്രമായി മുന്നോട്ട് പോകണം. സാക്ഷാത്ക്കാരത്തിന്റെ ആഗ്രഹം വയ്ക്കരുത്.

**വരദാനം:- യഥാർത്ഥ ശ്രേഷ്ഠ കൈകാര്യം ചെയ്യലിലൂടെ സർവ്വരുടെയും ആശീർവ്വാദം പ്രാപ്തമാക്കുന്ന സർവ്വരുടെയും സ്നേഹിയായി ഭവിക്കട്ടെ.**

ബാബ ഏതൊരു കുട്ടിയുടെയും ബലഹീനതകളെ നോക്കിയില്ല, ധൈര്യം കൊടുത്തു, അതായത് താങ്കൾ എന്റേത് തന്നെയായിരുന്നു, ഇപ്പോഴും ആണ്, ഇനിയും ആയിരിക്കും, അതേപോലെ ബാബയെ ഫോളോ ചെയ്യൂ. ഓരോരുത്തരുടെയും വിശേഷതയെ കണ്ട് സംബന്ധ-സമ്പർക്കത്തിൽ വരൂ എങ്കിൽ ആത്മാക്കളുമായി സ്വതവേ ആത്മീയ സ്നേഹം പ്രകടമാകും മാത്രമല്ല ബാബയോടൊപ്പം സർവ്വരുടെയും സ്നേഹിയായി മാറും. എവിടെ ആത്മീയ സ്നേഹമുണ്ടോ അവിടെ സദാ സർവ്വരിലൂടെയും സദ്ഭാവന, സഹയോഗത്തിന്റെ ഭാവന സ്വതവേ തന്നെ ആശീർവ്വാദങ്ങളുടെ രൂപത്തിൽ പ്രാപ്തമാകും. ഇതിനെത്തന്നെയാണ് ആത്മീയ യഥാർത്ഥ കൈകാര്യം ചെയ്യൽ എന്ന് പറയുന്നത്.

**സ്ലോഗൻ: തന്റെ ശ്രേഷ്ഠ സങ്കൽപങ്ങളുടെ ഏകാഗ്രതയിലൂടെ മറ്റാത്മാക്കളുടെ അലയുന്ന ബുദ്ധിയെ ഏകാഗ്രമാക്കി മാറ്റുക തന്നെയാണ് സത്യമായ സേവനം.**